## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2589** — **12.02.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഷാഫി പറമ്പിൽ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**പട്ടികജാതി വികസന വകുപ്പ്**<br>1) പ്രീ മെട്രിക് വിദ്യാഭ്യാസ ധനസഹായം<br>2) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ധനസഹായം<br>3) പ്രൈമറി എഡ്യുക്കേഷൻ എയിഡ്<br>4) സെക്കന്ററി എഡ്യുക്കേഷൻ എയിഡ്<br>5) റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ്<br>6) 9,10 ക്ലാസ്സുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)<br>7) പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്<br>8) പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>9) ലാപ്ടോപ് ധനസഹായം<br>10) മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങാൻ ധനസഹായം<br>11) മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം<br>12) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം<br>13) അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br>14) മെഡിക്കൽ/എൻജിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി<br>15) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് സഹായം |

| | | | |
|---|---|---|---|
| | | | 16) ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം<br>17) ബുക്ക്ബാങ്ക് സ്കീം<br>18) മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്<br>19) പ്രീ മെട്രിക് ഹോസ്റ്റൽ<br>20) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>21) ഐ.റ്റി.ഐ കൾ<br>22) പി.ഇ.റ്റി.സി<br>23) ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിനുള്ള പരിശീലനം<br>24) നഴ്സറി സ്കൂൾ<br>25) സിവിൽ സർവ്വീസ് പരിശീലനം<br>26) പാരലൽകോളേജ് വിദ്യാഭ്യാസ ധനസഹായം<br>27) മെഡിക്കൽ കോളേജ്, പാലക്കാട്<br>28) പഠനമുറി<br>29) വിദേശ പഠനസഹായം<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>1. ഗോത്രബന്ധു പദ്ധതി<br>2. സാമൂഹ്യപഠനമുറി<br>3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി<br>4. ലാപ് ടോപ്പ് വിതരണം<br>5. സമഗ്ര-സാക്ഷരത പദ്ധതി<br>6. വിദേശ പഠനത്തിനുള്ള ധനസഹായം<br>7. നൈപുണ്യ വികസന പദ്ധതികൾ<br>8. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും<br>9. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും<br>10. പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി "ഗോത്രവാത്സല്യ നിധി" എന്ന ഇൻഷ്വറൻസ് പദ്ധതി .<br>11. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന പദ്ധതി.<br>12. എസ്.എസ്.എൽ,സി, +2 പരീക്ഷകൾ എഴുതുന്നവർക്കായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്<br>13. പോസ്റ്റ്മെട്രിക്/പ്രീമെട്രിക് സ്കോളർഷിപ്പ്<br>14. ഗോത്രസാരഥി പദ്ധതി<br>15. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ്.<br>16. അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സെർച്ച് ആൻറ് ഡെവലപ്മെൻറ് പദ്ധതി.<br>17. എട്ടാം ക്ലാസ്സ് മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി.<br>18. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്.<br>19. എസ്.എസ്.എൽ.സി .മുതൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.<br>20. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ "ഭാരത് ദർശൻ പദ്ധതി". |
| (ബി) | സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ മൂലം ഈ വിഭാഗം കുട്ടികളുടെ പഠന നിലവാരത്തിൽ ഉണ്ടായിട്ടുള്ള മാറ്റം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്.<br>പാർശ്വവത്ക്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിലൂടെ സാമൂഹിക സാംസ്കാരിക രംഗത്ത് സമൂഹത്തിന്റെ മുഖ്യധാരയിൽ തങ്ങളുടേതായ ഒരിടം കണ്ടെത്തുന്നതിനും, അവരെ വിദ്യാഭ്യാസ മേഖലയിൽ മുൻപന്തിയിൽ എത്തിക്കുന്ന തിനുംവേണ്ടിയും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുവേണ്ടിയാണ് വകുപ്പ് മുഖേന വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പഠന പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനമില്ലെങ്കിലും വകുപ്പിന്റെ എം.ആർ.എസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ഈ വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ മാറ്റം സൃഷ്ടിക്കാൻ കഴിയുന്നുണ്ട് എന്നതിന്റെ ഉദാഹരണമാണ്. |
| (സി) | പ്രസ്തുത വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ വഴി കോടിക്കണക്കിന് രൂപ വിനിയോഗിച്ചിട്ടും അവർക്ക് സമൂഹത്തിലെ ഇതര വിഭാഗങ്ങളുമായി മത്സരിക്കുന്ന തിനും മുഖ്യധാരയിൽ എത്തുന്നതിനും സാധിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതികൾ കൊണ്ട് വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ വിവിധ രംഗങ്ങളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിയുന്നുണ്ട്. പ്രത്യേക പ്രോത്സാഹന പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും, മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കി ഗോൾഡ് മെഡൽ കരസ്ഥമാക്കുന്നവരുടെ എണ്ണവും ഇക്കാര്യം സൂചിപ്പിക്കുന്നു. കൂടാതെ വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റൽ അന്തേവാസികളായ വിദ്യാർത്ഥികളുടേയും, എം.ആർ.എസുകളിലെ വിദ്യാർത്ഥികളുടെയും പൊതു പരീക്ഷകളിലെ വിജയശതമാനം പരിശോധിച്ചാൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾ ഇതര വിഭാഗങ്ങളുമായി മത്സരിച്ച് സമൂഹത്തിന്റെ |

| | | | |
|---|---|---|---|
| | | | മുഖ്യധാരയിൽ എത്തുന്നതായി മനസ്സിലാക്കുവാൻ കഴിയും. |
| (ഡി) | അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂൾ, കേന്ദ്രീയ വിദ്യാലയം, നവോദയ സ്കൂൾ എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ അതിലൂടെ എത്ര കുട്ടികൾക്ക് മേല്പറഞ്ഞ സ്കൂളുകളിൽ **2018-19** ൽ പ്രവേശനം ലഭിച്ചു എന്നറിയിക്കാമോ ? | (ഡി) | അട്ടപ്പാടിയിൽനിന്നുള്ള 100 പട്ടികവർഗ വിദ്യാർത്ഥികൾക്ക് നവോദയ സ്കൂളിലും സൈനികസ്കൂളിലും പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലനം വകുപ്പ് നടത്തിവരുന്നു. 2016-17 അധ്യയനവർഷം പരിശീലനം ലഭിച്ച 7 വിദ്യാർത്ഥികൾക്കും 2017-18 വർഷം 4 വിദ്യാർത്ഥികൾക്കും കഴക്കൂട്ടം സൈനികസ്കൂളിൽ പ്രവേശനം ലഭ്യമായിട്ടുണ്ട്. കൂടാതെ 5 വിദ്യാർത്ഥികൾക്ക് 2017-18 ൽ ജവഹർ നവോദയ വിദ്യാലയത്തിലും 2 വിദ്യാർത്ഥികൾക്ക് ആൾ ഇന്ത്യ സൈനിക് സ്കൂൾ പ്രവേശന പരീക്ഷ വഴി സൈനികസ്കൂളിലും പ്രവേശനം ലഭ്യമായിട്ടുണ്ട്. 2018-19 അദ്ധ്യയനവർഷം 6 വിദ്യാർത്ഥികൾക്ക് ജവഹർ നവോദയ വിദ്യാലയത്തിലും 3 വിദ്യാർത്ഥികൾക്ക് സൈനിക സ്കൂളിലും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.<br>നടപ്പ് അദ്ധ്യയന വർഷം 100 പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരിശീലനം നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**